ഖുത്ബ നമ്പർ
48
29-11-2013

بسم الله الرحمن الرحیم O نحمدہ ونصلی علیٰ رسوله الكريم O وعلیٰ عبده المسيح الموعود

## ജുമുഅ ഖുത്വ്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزیز
വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, തമ്മനം


Baitul Futuh Mosque, London.

# ദൈവ തൃപ്തിയെ തേടിക്കൊണ്ടിരിക്കുക

ഹ: മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു: “അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് അവന്റെ ജ്ഞാനവും സാമീപ്യവും കരസ്ഥമാക്കുന്നതിനായിട്ടാണ്. وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ ഈ യഥാർത്ഥ ഉദ്ദേശ്യത്തെ പരിഗണിക്കാതെ പകലന്തിയോളം ഭൗതികത കരസ്ഥമാക്കുന്ന ചിന്തയിൽ വ്യാപൃതരാകുന്നവർ, അതായത് ഇന്ന ഭൂമി വാങ്ങണം, ഇന്ന കെട്ടിടം ഉണ്ടാക്കണം, ഇന്ന സ്വത്ത് കൈവശപ്പെടുത്തണം എന്ന ചിന്തയിൽ കഴിഞ്ഞുകൂടുന്നവർ അങ്ങിനെയുള്ളവരോട് അല്പം സാവകാശം നൽകിയതിന് ശേഷം അല്ലാഹു തിരികെ വിളിക്കുക എന്നല്ലാതെ മറ്റേത് രീതിയിലാണ് പെരുമാറുക? മനുഷ്യ ഹൃദയത്തിൽ ദൈവ സാമീപ്യത്തെ പ്രാപിക്കുന്നതിനുള്ള ഒരു വേദന ഉണ്ടായിരിക്കേണ്ടതാണ്. തൽഫലമായി എന്തും നേരിടുന്നതിനുള്ള ത്രാണി അവനുണ്ടാകുന്നു. അഥവാ ഈ വേദന അവന്റെ ഹൃദയത്തിൽ നിലകൊള്ളുന്നില്ലായെങ്കിൽ, കേവലം ലോകവും അതിലുള്ളതിനെയും കുറിച്ചുള്ള വേദന മാത്രമാണുള്ളതെങ്കിൽ അവസാനം അല്പം സാവകാശം നേടിക്കൊണ്ട് നാശമടയുന്നതാണ്.”

വീണ്ടും പറയുന്നു: “ലോകത്തേക്ക് വരുന്നവരിൽ ഭൂരിഭാഗവും പ്രായപൂർത്തിയായതിനു ശേഷം തങ്ങളുടെ കടമകളെ മനസ്സിലാക്കുന്നതിനും, തങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ പരിഗണിക്കുന്നതിനും പകരം അവർ അല്ലാഹുവിനെ ഉപേക്ഷിച്ചുകൊണ്ട് ഭൗതികതയിലേക്ക് പാഞ്ഞടുക്കുന്നു എന്നത് ദുഖകരം തന്നെ. ഭൗതിക സമ്പത്തിലും അതിന്റെ അന്തസിലും എത്രത്തോളം ആസക്തരാകുന്നുവെന്നാൽ ദൈവത്തുനുള്ള പങ്ക് വളരെ ശുഷ്കമായിത്തീരുന്നു. അധിക പേരുടേയും ഹൃദയത്തിൽ അത് അല്പം പോലും ഉണ്ടാകുന്നതേയില്ല. അവർ ഭൗതികതയിൽ തന്നെ ലയിച്ചുചേർന്നവരും അതിനായി സമർപ്പിതരായിത്തീരുന്നവരായും മാറുന്നു. ദൈവം ഉണ്ടോ എന്ന ബോധം തന്നെ ഉണ്ടാകുന്നില്ല. ചുരുക്കത്തിൽ وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ എന്ന് പറഞ്ഞതിന്റെ അർത്ഥമിതാണ്. അതായത് എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ തൃപ്തിക്ക് മുൻഗണന നൽകുക എന്നതാണ് യഥാർത്ഥ ആരാധന. അല്ലാഹുവിന്റെ കല്പനകൾ പരിഗണയിലുണ്ടാകുന്നതാണ് യഥാർത്ഥ ആരാധന. ഭൗതികത സമ്പാദിക്കുന്നെങ്കിൽ തന്നെ അല്ലാഹു നിർദ്ദേശിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. എപ്പോഴും ഭൗതിക സമ്പാദനം മാത്രമായിരിക്കരുത് ഉദ്ദേശ്യം. കുതന്ത്രങ്ങൾ, കളവ്, ചതി, വഞ്ചന എന്നിവയിലൂടെ അത് കരസ്ഥമാക്കരുത്. അല്ലാഹുവിനെ തികച്ചും ഒഴിവാക്കരുത്.”

കേവലം നമസ്കാരത്തിലൂടെ ആരാധനയുടെ കടമകൾ നിറവേറ്റപ്പെടുന്നതല്ല. കഴിഞ്ഞ ഖുത്വുബയിൽ ഞാൻ തൽസംബന്ധമായി വെളിച്ചം വീശിയിരുന്നു. അല്ലാഹുവിന്റെ മറ്റുള്ള കല്പനകളുടെ പൂർത്തീകരണത്തെയും പരിഗണിച്ചുകൊണ്ട് അത് പ്രാവർത്തികമാക്കുന്നില്ലെങ്കിൽ നമസ്കാരം യാതൊരു ഗുണവും നൽകുന്നതല്ല. ഉദാഹരണമായി മനുഷ്യന്റെ എല്ലാ കാര്യങ്ങളിലും സത്യസന്ധത ഇല്ലെങ്കിൽ, ആരാധന നിർവ്വഹിക്കുന്നതും പള്ളിയിൽ വന്ന് നമസ്കരിക്കുന്നതും അവനെ ആരാധകരിൽ ഉൾപ്പെടുന്നവരാക്കി മാറ്റുന്നതല്ല. അതു പോലെ വിദ്വേഷവും, അസൂയയും, പകയും, മറ്റ് ധാരാളം തിന്മകളുമുണ്ട്. ഇവ ആരാധനയുടെ ആത്മാവിനെ നശിപ്പിക്കുന്നു. ചുരുക്കത്തിൽ ഒരു വ്യക്തി എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ തൃപ്തിയെ പരിഗണിക്കുകയും സ്വന്തം ലാഭത്തെ അവഗണിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ ആരാധകനെന്ന് പറയപ്പെടുക.

ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ പലപ്പോഴും പരാമർശിച്ചുകൊണ്ടിരിക്കാറുണ്ട്. ഇന്ന് ഈ വിഷയത്തെ ഞാൻ ഹ: മുസ്‌ലിഹ് മൗഊദ് عليه السلام ന്റെ ഖുത്വുബയെ പ്രയോജനപ്പെടുത്തിക്കൊണ്ട് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നതാണ്. പ്രത്യേകിച്ച് സംക്ഷിപ്തമായാണെങ്കിലും സംഭവങ്ങളെല്ലാം അതുതന്നെ പരാമർശിക്കുന്നതാണ്. സംഭവങ്ങളോടൊപ്പം കാരണങ്ങളെ വിശദീകരിക്കൽ ഹ: മുസ്‌ലി ഹ് മൗഊദ് رضي الله عنه ന്റെ ശൈലിയാകുന്നു. തൽഫലമായി ചില ഭാഗങ്ങളെ സംബന്ധിച്ചുള്ള പ്രായോഗിക രൂപം നമുക്ക് ലഭിക്കുന്നു.

ഈ വിഷയം തുടർന്ന് കൊണ്ടുപോകുന്നതിനു മുമ്പെ മുസ്‌ലിഹ് മൗഊദ് عليه السلام ന്റെ സ്ഥാനത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ഒരു പരാമർശവും നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നതാണ്. തൽഫലമായി പുതിയ തലമറയ്ക്കും, നവാഗതർക്കും തൽസംബന്ധമായി അറിവിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്.

1936 ലെ ശൂറായുടെ അവസരത്തിൽ അദ്ദേഹം പറഞ്ഞു: “അല്ലാഹു മനുഷ്യരാൽ ഖലീഫയെ തിരഞ്ഞെടുപ്പിക്കുകയും പിന്നീട് അതിനെ സ്വീകരിക്കുകയും ചെയ്യുന്നതാണ് ഒരു ഖിലാഫത്ത്. എന്നാൽ ഇത് അത്തരത്തിലുള്ള ഖിലാഫത്തല്ല. -അതായത് അദ്ദേഹത്തിന്റെത്- ഹദ്റത് ഖലീഫ അവ്വൽ رضي الله عنه ന്റെ വഫാത്തിന്റെ രണ്ടാം ദിവസം അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ ഒത്തുകൂടി എന്റെ ഖിലാഫത്തിൽ ഐക്യപ്പെട്ടു എന്നത് കൊണ്ടല്ല ഞാൻ ഖലീഫയായത്.

മറിച്ച് ഖലീഫ അവ്വലിന്റെ ഖിലാഫത്തിനും മുമ്പേ തന്നെ ഹ: മസീഹ് മൗഊദ് ﷺ അല്ലാഹുവിൽ നിന്നുള്ള വെളിപാടനുസരിച്ച് ഞാൻ ഖലീഫയായിത്തീരുന്നതാണെന്ന് പറഞ്ഞിരുന്നതുകൊണ്ടും ഞാൻ ഖലീഫയാകുന്നു. അതിനാൽ ഞാൻ ഖലീഫയല്ല, വാഗ്ദത്ത ഖലീഫയാകുന്നു. ഞാൻ നിയോഗിതനല്ല, എന്നാൽ എന്റെ ശബ്ദം അല്ലാഹുവിന്റെ ശബ്ദമാകുന്നു. അല്ലാഹു ഹ: മസീഹ് മൗഊദ് ﷺ മുഖേന തൽസംബന്ധമായ അറിയിപ്പ് നൽകിയിരുന്നു. അതിനാൽ ഈ ഖിലാഫത്തിന്റെ സ്ഥാനം നിയോഗിതന്റെയും ഖിലാഫത്തിന്റെയും മദ്ധ്യേയുള്ള സ്ഥാനമാകുന്നു. അഹ്മദിയ്യാ ജമാഅത്ത് അതിനെ നഷ്ടപ്പെടുത്തികളയുകയും പിന്നീട് അല്ലാഹുവിന്റെ സവിധത്തിൽ തലകുനിച്ച് നിൽക്കുകയും ചെയ്യേണ്ട അവസരമല്ലിത്. പ്രവാചകന്മാർ ഓരോ ദിവസവും വരുന്നതല്ല എന്നത് സത്യമാണെന്നത് പോലെ തന്നെ വാഗ്ദത്ത ഖലീഫയും ഓരോ ദിവസവും വരുന്നതല്ല.''

ചുരുക്കത്തിൽ അദ്ദേഹത്തിന്റെ അസ്ഥിത്വം സ്വന്തം വ്യക്തിത്വത്തിലും ഹ: മസീഹ് മൗഊദ് ﷺ ന്റെ സത്യസാക്ഷ്യത്തിനും തെളിവാകുന്നു. അല്ലാഹു അദ്ദേഹത്തിന് നൽകിയ വിജ്ഞാനത്തെയും അറിവിനെയും സംബന്ധിച്ച് അല്ലാഹു മുൻപെ തന്നെ ഹ: മസീഹ് മൗഊദ് ﷺ നോട് പറഞ്ഞിരുന്നു. ആ നിലയിൽ അദ്ദേഹത്തിന്റെ വിജ്ഞാനത്തിൽ നിന്നും അറിവിൽ നിന്നും വ്യക്തിപരമായ വായനയിലൂടെയും ജമാഅത്തംഗങ്ങൾ പ്രയോജനം കരസ്ഥമാക്കേണ്ടതാണ്. സാഹിത്യങ്ങൾ എല്ലാ ഭാഷയിലും ലഭ്യമല്ല. അതിനാൽ വിവിധ സന്ദർഭങ്ങളിൽ അതിനെ പരാമർശിച്ചു കൊണ്ടിരിക്കേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനാൽ വിവിധ വിഷയങ്ങളെപ്പറ്റി ഞാൻ പരാമർശിക്കാറുണ്ട്.

ഏതാനും മാസങ്ങൾക്ക് മുമ്പ് ഞാൻ ഹദ്റത് മുസ്‌ലിഹ് മൗഊദ് ؓ ന്റെ ഒരു ഖുത്വുബ ഏകദേശം പൂർണമായോ സംക്ഷിപ്തമായോ പരാമർച്ചിരുന്നു. ഇന്ന് വീണ്ടും അതേ രീതിയിൽ ചില കാര്യങ്ങൾ സംക്ഷിപ്തമായി പരാമർശിക്കുന്നതാണ്.

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُوْنِ ജിന്നിനെയും മനുഷ്യനെയും ഞാൻ എന്റെ ആരാധനക്കായിട്ടാണ് അല്ലെങ്കിൽ എന്റെ ദാസരാകുന്നതിന് വേണ്ടിയിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന വിഷയത്തെ പരാമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ''മനുഷ്യനെ സൃഷ്ടിച്ചത് ഈ മഹത്തായ ഉദ്ദേശ്യത്തിനു വേണ്ടിയാണ്. എന്നാൽ വലിയ വലിയ തത്വചിന്തകരും, വിദ്യാസമ്പന്നരായ വിഭാഗവും ചോദിക്കുന്നത്, മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പൂർത്തിയായോ? ദൈവം മനുഷ്യനെ സൃഷ്ടിച്ച ഉദ്ദേശ്യം മനുഷ്യരിൽ നിന്നും ദൈവം കരസ്ഥമാക്കിയോ എന്നാണ്. വാസ്തവത്തിൽ ഈ ഉദ്ദേശ്യത്തെ മനുഷ്യൻ പൂർത്തിയാക്കുന്നുണ്ടോ, ദൈവദാസനെന്നു വിളിക്കപ്പെടാൻ യോഗ്യമായ പുരോഗതി കൈവരിച്ചുവോ എന്നവർ ചോദിക്കുന്നു. പറയുന്നു: ''അതിനുള്ള മറുപടി ഇല്ല എന്നാണ്. മനുഷ്യനെ സൃഷ്ടിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ എന്തുകൊണ്ടതിന് ആ ഉദ്ദേശ്യത്തിൽ വിജയം ലഭിച്ചില്ല എന്നതിനാലാണ് അവർ ചോദിക്കുന്നത്. അതിനുള്ള മറുപടി ഇതാണ്, ദൈവത്തിൽ നിന്നുള്ള പ്രവാചകന്മാർ ഈ ചോദ്യത്തിനുള്ള ഉത്തരം നൽകുന്നതിനായിട്ടാണ് ആഗതരാകുന്നത്. അവർ വന്നുകൊണ്ട് നന്മയുടെ ഒരു അന്തരീക്ഷം തന്നെ സംജാതമാക്കുന്നു. അത് കണ്ടുകൊണ്ട് ഈ ലക്ഷ്യം പൂർത്തിയായി എന്ന് ശത്രുക്കൾക്ക് പോലും അംഗീകരിക്കേണ്ടിവരുന്നു. ആ ദിനം സമാഗതമാകുന്നതിനായി ആയിരം ദിനങ്ങൾ പ്രതീക്ഷിച്ചിരിക്കേണ്ടിവന്നാൽ പോലും ദുസ്സഹമാകുന്നതല്ല. അല്ലാഹുവും പ്രവാചകന്മാരുടെ കാലഘട്ടത്തെ **ലൈലത്തുർ ഖദർ** ആയിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പറയുന്നു, لَيْلَةُ الْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ അതായത് ആ ഒരു രാത്രി ആയിരം മാസങ്ങളേക്കാളും ഉത്തമമാകുന്നു. ഒരു നൂറ്റാണ്ടിലെ മനുഷ്യർ ഈയൊരു രാത്രിക്ക് വേണ്ടി ത്യാഗം ചെയ്താൽ പോലും ആ ത്യാഗം പ്രവാചകന്മാർ മുഖേന ലോകത്തിന് കരസ്ഥമാക്കുന്ന അനുഗ്രഹങ്ങളേക്കാൾ തുഛമായിരിക്കും.''

പറയുന്നു: ''ഞാൻ ഏതാനും ഖുത്വുബകൾ പ്രവർത്തന സമുദ്ധാരണത്തിനായി നൽകിയിരുന്നു.'' 1936 ലെ കാര്യമാണ് അന്ന് അദ്ദേഹം ഏതാനും ഖുത്വുബകൾ തൽവിഷയമായി നൽകിയിരുന്നു. അതിൽ ഹ: മസീഹ് മൗഊദ് ﷺ ന്റെ ആഗമനത്തിന്റെ അതിമഹത്തായ ഉദ്ദേശ്യത്തെ സംബന്ധിച്ച്, അത് പൂർത്തിയാകുന്നതിനായി വലിയ ത്യാഗങ്ങളുടെ ആവശ്യകതയുണ്ടെന്ന് പറഞ്ഞിരുന്നു. ഇത് ആ കാലഘട്ടത്തിലെ മാത്രം കാര്യമല്ല. ഇത് എപ്പോഴും ആവശ്യമുള്ളതാണ്. ഇന്നും, ഭാവിയിലും അതിന്റെ ആവശ്യമുണ്ട്, ആവശ്യമുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. പറയുന്നു: ''ആദർശപരമായി ലോകത്ത് നാം സ്ഥിര പ്രതിഷ്ഠ നേടിക്കഴിഞ്ഞു. എന്നാൽ പ്രായോഗിക തലത്തിൽ ഇസ്‌ലാമിന്റെ പ്രതിഷ്ഠ സ്ഥാപിക്കേണ്ടതുണ്ട്. കാരണം അതില്ലാതെ എതിരാളികൾക്കുമേൽ യഥാർത്ഥ പ്രഭാവം ഉണ്ടാകുന്നതല്ല.''

തുടർന്ന് അദ്ദേഹം ഉദാഹരണം നൽകിക്കൊണ്ട് പറയുന്നു: ''അതിന് വലിയൊരുദാഹരണം സത്യത്തിന്റെതാണ്. ശത്രുക്കളും അതിനെ അനുഭവിച്ചറിയുന്നു. ഹൃദയത്തിലുള്ള ആത്മാർത്ഥതയും വിശ്വാസവും ശതുക്കൾക്ക് ദൃശ്യമാകുന്നില്ല. എന്നാൽ സത്യസന്ധത അവർക്ക് കാണാവുന്നതാണ്. സത്യസന്ധത ശക്തമായ പ്രഭാവം ചെലുത്തുന്നു എന്നത് വാസ്തവമാണ്.'' അക്കാലഘട്ടത്തിൽ തൽസംബന്ധമായി ചില അന്യരും എഴുതിയിരുന്നു. ഇക്കാലഘട്ടത്തിലും അഹ്മദികളുടെ സത്യസന്ധതയുടെ പ്രഭാവത്തെ കുറിച്ചുള്ള പരാമർശമടങ്ങിയ കത്തുകൾ എനിക്ക് ലഭിക്കാറുണ്ട്. തൽഫലമായി അവർ ജമാഅത്തിനെ പ്രശംസിക്കുന്നു. ഏതെങ്കിലും അഹ്മദിയിൽ നിന്ന് അവർക്ക് ചതിയും വഞ്ചനയും അനുഭവിക്കേണ്ടി വരുമ്പോൾ അവർ എഴുതും, അഹ്മദിയാണെന്ന് കരുതി വിശ്വസിച്ചു. എന്നാൽ താങ്കളുടെ ജമാഅത്തിലെ ഇന്ന ഇന്ന വ്യക്തികൾ വഞ്ചന കാണിച്ചു. അത്തരത്തിൽ വഞ്ചനചെയ്യുന്നവർ, പ്രതക്ഷത്തിൽ പറയുന്നത് കച്ചവടത്തിലുള്ള ഞങ്ങളുടെ സ്വന്തം നിലപാടാണിത്, ജമാഅത്തിന് അതുമായി എന്ത് ബന്ധം? എന്നാണ്. എന്നാൽ അവർ അവസാനം ജമാഅത്തിന് തന്നെ കളങ്കവും വരുത്തിവെക്കുന്നവരായി മാറുകയാണ്. ജമാഅത്തിന്റെ ദുഷ്പേരിന് കാരണക്കാരാകുന്നു.

ഹ: മസീഹ് മൗഊദ് ﷺ ന്റെ വാദത്തിനുമുമ്പുള്ള ഒരു സംഭവം ഹ: മുസ്‌ലിഹ് മൗഊദ് ؓ വിവരിക്കുന്നു. അവിടെ ഒരു വീടിന്റെ വരാന്തക്ക് മുന്നിലായി ഒരു തിണ്ണ പണിതിരുന്നു.

അതിനോട് ചേർന്ന് ഖാദിയാനിൽ ഖലീഫ സാനിയുടെ കാലത്ത് സദർ അഞ്ചുമൻ അഹ്മദിയ്യായുടെ ഓഫീസുകൾ ഉണ്ടായിരുന്നു. ഇപ്പോൾ ഖാദിയാനിൽ ചില വിത്യാസങ്ങൾ ഉണ്ടായിരിക്കുന്നു. ഓഫീസുകൾ അവിടുന്ന് മാറി. പറയുന്നു: ''ആ തിണ്ണയുടെ സ്ഥലം യഥാർത്ഥത്തിൽ ഞങ്ങളുടെ കുടുംബത്തിന്റെതായിരുന്നു. എന്നാൽ ആ വീടിന്റെ ഉടമസ്ഥൻ നീണ്ടകാലമായി അതിനെ കൈവശപ്പെടുത്തിയിരിക്കുകയായിരുന്നു. ഹ: മസീഹ് മൗഊദ് عليه السلام ന്റെ മൂത്ത സഹോദരൻ അത് തിരിച്ച് പിടിക്കുന്നതിനായി കേസ് കൊടുത്തു. ഇത്തരത്തിലുള്ള കേസുകളിൽ അവകാശം ലഭിക്കുന്നതിനായി സത്യവും വ്യാജവുമായ സാക്ഷികളെ സംഘടിപ്പിക്കുന്നത് ഭൗതികരുടെ രീതിയാണ്. മസീഹ് മൗഊദ് عليه السلام ന്റെ മൂത്ത സഹോദരനും അതേ പാതയാണ് പിന്തുടർന്നത്. എന്നാൽ വീട്ടുടമസ്ഥൻ പറഞ്ഞു: ''ഞങ്ങൾക്ക് തെളിവിന്റെ ആവശ്യമില്ല. ഇദ്ദേഹത്തിന്റെ ഇളയ സഹോദരനെ വിളിച്ച് സാക്ഷ്യം പറയിപ്പിക്കുക. അദ്ദേഹം പറയുന്നത് ഞങ്ങൾ അംഗീകരിക്കുന്നതാണ്.''ഹ: മസീഹ് മൗഊദ് عليه السلام നെ പറ്റിയാണ് പറയുന്നത്. അങ്ങനെ ഹ: മസീഹ് മൗഊദ് عليه السلام നെ കോടതിയിൽ വിളിപ്പിച്ച്കൊണ്ട് ചോദിച്ചു: ''താങ്കൾ ഇവരെ ഈ വഴിയിലൂടെ വന്നു പോകുന്നവരായും അവിടെ ഇരിക്കുന്നവരായും ദീർഘകാലമായി കണ്ടുവരുന്നുണ്ടോ?'' അദ്ദേഹം പറഞ്ഞു: ''അതെ, ഞാൻ കണ്ടു വരുന്നു.'' കോടതി എതിരാളികൾക്കനുകൂലമായി വിധി കല്പിച്ചു. അദ്ദേഹത്തിന്റെ സഹോദരൻ അദ്ദേഹത്തോട് വളരെ ദേഷ്യപ്പെട്ടു. എന്നാൽ അദ്ദേഹം പറഞ്ഞു: ''യാഥാർത്ഥ്യം അതായിരിക്കെ ഞാനെങ്ങനെ നിഷേധിക്കും?''

അതുപോലെ അദ്ദേഹത്തിനെതിരിൽ അദ്ദേഹം തപാലാപ്പീസിനെ വഞ്ചിച്ചു എന്ന പേരിൽ ഒരു കേസുണ്ടായി. ഏതെങ്കിലും പേക്കറ്റിൽ, പാർസലിൽ കത്ത് വെക്കുകയാണെങ്കിൽ അവർ തപാലാപ്പീസിനെ വഞ്ചിച്ചു, പൈസ ലാഭിച്ചു എന്ന് കരുതപ്പെടുന്നതായിരുന്നു നിയമം. അതൊരു ക്രിമിനൽ കേസായിരുന്നു. തടവുശിക്ഷ ലഭിക്കാവുന്ന കേസായിരുന്നു. അദ്ദേഹം ഒരു പാക്കറ്റിൽ പ്രസിദ്ധീകരിക്കാനായി ഒരു വിഷയം പ്രസിലേക്കയച്ചിരുന്നു. അതിൽ വിജ്ഞാപനത്തെയോ വിഷയത്തെയോ സംബന്ധിച്ചുള്ള നിർദ്ദേശമടങ്ങിയ ഒരു കത്തും വെച്ചിരുന്നു. ഇത് അതിന്റെ ഭാഗമെന്ന് തന്നെയാണ് അദ്ദേഹം കരുതിയിരുന്നത്. നഷ്ടം ഉണ്ടാക്കുക എന്നതായിരുന്നില്ല ഉദ്ദേശ്യം. പ്രസിന്റെ ഉടമസ്ഥൻ കൃസ്ത്യാനിയാണെന്ന് തോന്നുന്നു. ഇതിനെതിരിൽ കേസുകൊടുത്തു. മസീഹ് മൗഊദ് عليه السلام നെതിരിൽ കേസ് നടത്തി. വക്കീൽ പറഞ്ഞു: ''കേസ് കൊടുത്തവരുടെ എതിർപ്പ് സ്പഷ്ടമാണ്. സാക്ഷിയിൽ യാതൊരു യാഥാർത്ഥ്യവുമില്ല. ഞാനത് വെച്ചിട്ടില്ല എന്ന് പറഞ്ഞ് താങ്കൾ അത് നിഷേധിക്കുക. ഒന്നും സംഭവിക്കുന്നതല്ല.'' അദ്ദേഹം പറഞ്ഞു: ''അത് സാധ്യമല്ല. ഞാൻ ചെയ്ത കാര്യം എങ്ങിനെയാണ് നിഷേധിക്കുക?'' അങ്ങനെ കോടതിയിൽ കേസ് വന്നപ്പോൾ ''താങ്കൾ അങ്ങനെയുള്ള കടലാസ് വല്ലതും വെച്ചിരുന്നോ'' എന്ന് കോടതി ചോദിച്ചു. അപ്പോൾ ''അതെ വെച്ചിരുന്നു. എന്നാൽ ചതിക്കുവാനല്ല. മറിച്ച് കത്തിനെ വിഷയത്തിന്റെ ഭാഗമാണെന്ന് കരുതിക്കൊണ്ടാണ് അങ്ങിനെ ചെയ്തത്'' എന്ന് മറുപടി പറഞ്ഞു. ഈ സത്യസന്ധത കോടതിയെ വളരെ സ്വാധീനിച്ചു. ജഡ്ജി പറഞ്ഞു: ''ഇത്തരത്തിലുള്ള കേസിൽ ഒരു സത്യവാന് ശിക്ഷ നൽകാവുന്നതല്ല.'' അങ്ങനെ നിരപരാധിയാണെന്ന് വിധിച്ചു.

പിന്നീട് അദ്ദേഹം എഴുതുന്നു, ഇത്തരത്തിലുള്ള നിരവധി കേസുകൾ അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. തൽഫലമായി ഈ കേസുകളുമായി ബന്ധപ്പെട്ട വക്കീലുമാർക്ക് അദ്ദേഹത്തെ സംബന്ധിച്ച് ബഹുമാനമായിരുന്നു. ഒരു കേസിൽ അദ്ദേഹം ശേഖ് അലി അഹ്മദ് സാഹിബിനെ വക്കീലായി നിയമിച്ചില്ല. അപ്പോൾ ആ വ്യക്തി എഴുതി, ഈ കേസിൽ എന്നെ വക്കീലായി നിയമിക്കാത്തതിൽ എനിക്ക് നിരാശയുണ്ട്. ഫീസ് ലഭിക്കില്ല എന്ന നിരാശയല്ല മറിച്ച്, സേവനത്തിനുള്ള അവസരം ലഭിച്ചില്ല എന്ന നിരാശയാണ്.

സത്യസന്ധതയുടെ സ്വാധീന വലയത്തിൽ നിന്നും ശത്രുക്കൾ പോലും പുറത്തല്ല. ശേഖ് അഹ്മദ് അലി സാഹിബ് അവസാനം വരെ അനഹ്മദിയായി കഴിഞ്ഞു. അഹ്മദിയായില്ല. ബൈഅത്ത് ചെയ്തില്ല. എന്നാൽ പ്രത്യക്ഷത്തിൽ അദ്ദേഹത്തിന് മസീഹ് മൗഊദ് عليه السلام നോടുണ്ടായിരുന്ന ആത്മാർത്ഥത ഒരഹ്മദിയേക്കാൾ ഒട്ടും പിന്നിലായിരുന്നില്ല.

വീണ്ടും അദ്ദേഹം എഴുതുന്നു. ആ വ്യക്തിയിൽ മാത്രമല്ല, മറിച്ച് അദ്ദേഹവുമായി കൂടുക്കാഴ്ച്ചക്കുള്ള അവസരം ലഭിച്ചവരുടെയെല്ലാം അവസ്ഥ ഇതു തന്നെയായിരുന്നു.

ജഹ്ലമിൽ മൗലവി കറംദീൻ സാഹിബ് അദ്ദേഹത്തിനെതിരിൽ കേസ് കോടുത്തപ്പോൾ ലാലാ ഭീം സിങ്ങ് എന്ന ഹിന്ദു വക്കീലിന്റെ അടുക്കൽ ഒരു കത്ത് വന്നു. അതിൽ എഴുതിയിരുന്നത് എന്റെ മകൻ ബാരിസ്റ്റർ പാസായി വന്നിരിക്കുന്നു. താങ്കളുടെ സേവനത്തിനുള്ള അവസരം ലഭിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. അവനെ വക്കീലായി നിയമിക്കുക. പരാമർശ വിധേയമായ യുവാവ് വളരെ യോഗ്യനായ വക്കീലായിരുന്നു. അവിടെ ലോകോളേജിലെ പ്രിൻസിപ്പാളായിരുന്നു. പിന്നീട് ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസായും നിയമിതനായി.

ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه എഴുതുന്നു. ലാലാ ഭീംസിങ്ങ് സാഹിബിന് സിയാൽ കോട്ടിൽ ഹ: മസീഹ് മൗഊദ് عليه السلام നോടൊപ്പം കുറച്ച് നാൾ താമസിക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നു. അദ്ദേഹം മസീഹ് മൗഊദ് عليه السلام ന്റെ സത്യസന്ധത കണ്ടറിഞ്ഞിരുന്നു. സത്യസന്ധത സ്വന്തക്കാരിൽ മാത്രമല്ല, അന്യരിലും പ്രഭാവം ചെലുത്തുന്നു. അദ്ദേഹം പറയുന്നു, പ്രവാചകന്മാർ ഭൂമിയിൽ വന്ന് സത്യത്തേയും സത്യസന്ധതയെയും സ്ഥാപിക്കുന്നു. കാണുന്നവർ പ്രഭാവിതരാകുന്നതരത്തിലുള്ള മാതൃക സ്ഥാപിക്കുന്നു. നബി തിരുമേനി صلى الله عليه وسلم ഭൂമിയിൽ വന്നുകൊണ്ട് പീരങ്കിയോ യന്ത്രത്തോക്കോ കണ്ടുപിടിച്ചില്ല. ബാങ്ക് സ്ഥാപിച്ചില്ല, വ്യവസായത്തിനുള്ള യന്ത്രം കണ്ടു പിടിച്ചില്ല. പിന്നെന്താണ് ആ മഹാത്മാവ് ലോകത്ത് നൽകിയത്? അദ്ദേഹത്തിന്റെ അനുയായികൾക്ക് എന്തിന്റെ സംരക്ഷണ ചുമതലയായിരുന്നു നൽകിയത്? അത് അപ്രത്യക്ഷമായിരുന്ന, സത്യത്തിന്റെ ആത്മാവും ഉന്നത ധാർമിക ഗുണവുമായിരുന്നു. അദ്ദേഹം ആദ്യം അത് സ്വായത്തമാക്കി. പിന്നീട് ആ ഖജനാവ് ലോകത്തിന് നൽകി. ഇവയെ സംരക്ഷിക്കുക എന്നതായിരുന്നു സഹാബാക്കളുടെയും അവരുടെ സന്തതികളുടെയും അവരുടെ സന്തതികളുടെയും ചുമതല.

നബി ﷺ ആദ്യ വെളിപാടിറങ്ങി, മുഴുലോകത്തിനും അല്ലാഹുവിന്റെ വചനം എത്തിക്കുക എന്ന കല്പന കേട്ടപ്പോൾ അല്പം പരിഭ്രമിച്ചു. കാരണം ഈ അതിമഹത്തായ ഉത്തരവാദിത്വത്തെ എങ്ങിനെ പൂർത്തിയാക്കും എന്ന ചിന്തയുണ്ടായി. ഈ പരിഭ്രമാവസ്ഥയിൽ നബി ﷺ വീട്ടിലെത്തി. ഖദീജ رضي الله عنها യുടെ അടുത്ത് വന്നു. വികാരാവേശത്താൽ അദ്ദേഹത്തിന് കുളിര് അനുഭവപ്പെട്ടിരുന്നു. വീട്ടിലേക്ക് പ്രവേശിച്ചപ്പോൾ '' പുതപ്പിക്കുക '' എന്നദ്ദേഹം പറഞ്ഞു. ഖദീജ رضي الله عنها ചോദിച്ചു: ''താങ്കൾക്കെന്തുപറ്റി'' അദ്ദേഹം എല്ലാ സംഭവങ്ങളും കേൾപ്പിച്ചു. ഖദീജ رضي الله عنها മറുപടി പറഞ്ഞു:

كَلَّا وَاللّٰهِ مَا يُخْزِيْكَ اللّٰهُ اَبَدًا ഒരിക്കലുമില്ല, ഒരിക്കലുമില്ല. അല്ലാഹു ഒരിക്കലും താങ്കളെ നിന്ദ്യനാക്കുന്നതല്ല. കാരണം താങ്കളിൽ ഇന്നയിന്ന ഗുണ ങ്ങളുണ്ട്. ആ ഗുണങ്ങളിൽ ഒന്ന് ലോകത്ത് നിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന സ്വഭാവ ഗുണങ്ങൾ സ്വന്തം വ്യക്തിത്വത്തിൽ വീണ്ടും സംജാതമാക്കി, മനുഷ്യകുലത്തിന്റെ അപ്രത്യക്ഷമായ ലക്ഷ്യത്തെ വീണ്ടും അന്വേഷിച്ചു എന്നതാണ്. അപ്പോൾ താങ്കളെ അല്ലാഹു എങ്ങിനെയാണ് നശിപ്പിക്കുക? ചുരുക്കത്തിൽ പ്രവാചകന്മാരുടെ നിയോഗോദ്ദേശ്യവും വിശ്വാസികളെ ഏൽപ്പിക്കപ്പെട്ട സൂക്ഷിപ്പുമുതലും ഇതാണ്. ഇതിനെ സംരക്ഷിക്കേണ്ടത് അവരുടെ കടമയാകുന്നു.

സ്നേഹംകൊണ്ട് പ്രവാചകന്മാരുടെ വ്യക്തിത്വം വിശ്വാസികൾക്ക് പ്രിയങ്കരമാകുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ പ്രവാചക മാതൃകയുടെ ശ്രേഷ്ഠതയ്ക്ക് കാരണം, ലോകത്തേക്ക് എത്തിക്കുന്നതിനായി അല്ലാഹു നൽകിയ പ്രകാശമാകുന്നു. അതായത് അവർ കൊണ്ടുവരുന്ന ദൈവിക സന്ദേശമാണവരെ വലുതാക്കുന്നത്. നബിയുടെ അനുയായികൾ അവരെ സംരക്ഷിക്കുന്നതിനായി സ്വന്തം ജീവനുകൾ ബലി അർപ്പിക്കുമ്പോൾ, ഈ സന്ദേശത്തെ സംരക്ഷിക്കുന്നതിനായി സർവ്വ ത്യാഗങ്ങൾക്കും സന്നദ്ധരാകുന്നതാണ്.

ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു, നബിതിരുമേനി ﷺ യുടെ രക്ഷയ്ക്കായി സഹാബാക്കൾ ത്യാഗങ്ങൾ സമർപിച്ച സംഭവങ്ങൾ വായിക്കുമ്പോൾ രോമങ്ങൾ എഴുന്ന് നിൽക്കുന്നു. അവരുടെ സ്നേഹപ്രകടനത്തെ കണ്ടുകൊണ്ട് ഇന്നും ഹൃദയത്തിൽ സ്നേഹത്തിന്റെ അലകൾ രൂപപ്പെടുന്നു.

ഉഹ്ദ് യുദ്ധത്തിൽ ഒരു സഹാബി മാത്രം നബി ﷺ യുടെ മുന്നിൽ ശേഷിക്കുന്ന ഒരവസരം സംജാതമായി. ശത്രുക്കൾ നിരന്തരമായി ശരങ്ങളും കല്ലുകളും വർഷിക്കുകയായിരുന്നു. ആ സഹാബി തന്റെ കയ്യ് നബി ﷺ യുടെ മുഖത്തിനു നേരെ പിടിച്ചു. ആ കയ്യിൽ അനേകം അമ്പുകൾ കല്ലുകളും തറച്ച കാരണത്താൽ അത് എന്നെന്നേക്കുമായി ഉപയോഗ്യശൂന്യമായി. ആ സഹാബിയോട് ഒരിക്കൽ ഇതെങ്ങിനെയാണ് സംഭവിച്ചത് എന്നാരോ ചോദിച്ചു. പറഞ്ഞു: ''ധാരാളം അമ്പുകളും കല്ലുകളും തറച്ച കാരണത്താൽ അത് എന്നെന്നേക്കുമായി പ്രയോജനരഹിതമായി.'' അയാൾ ചോദിച്ചു: ''അപ്പോൾ താങ്കളിൽ നിന്ന് ഉഫ് എന്ന ശബ്ദം വന്നിരുന്നില്ലെ?'' അതിനദ്ദേഹം വളരെ സുന്ദരമായ മറുപടിയാണ് നൽകിയത്. പറഞ്ഞു: ''ഉഫ് എന്ന പറയാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ആ ശബ്ദം പുറപ്പെടാൻ ഞാൻ അനുവദിച്ചിരുന്നില്ല. കാരണം അഥവാ ഉഫ് എന്ന് പറഞ്ഞാൽ കൈ അനങ്ങുകയും ഏതെങ്കിലും ശരം നബി ﷺ ക്ക് ഏൽക്കുകയും ചെയ്തേക്കാം.''

ഹദ്റത് മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: ''നിങ്ങൾ ഈ ത്യാഗത്തെ കുറിച്ച് ചിന്തിക്കുക. ഇന്ന് ആരുടെയെങ്കിലും വിരലിൽ മുറിവുണ്ടാക്കുകയാണെങ്കിൽ എത്രത്തോളമാണ് ബഹളം വെക്കുന്നത്. എന്നാൽ ആ സഹാബിയുടെ കയ്യിൽ അനേകം ശരങ്ങൾ തറച്ച കാരണത്താൽ അത് എന്നെന്നേക്കുമായി ഉപയോഗശൂന്യമായി.''

പിന്നീട് ഉഹ്ദിലെ മറ്റൊരു സഹാബിയുടെ സംഭവം വിവരിക്കുന്നു, ഉഹ്ദ് യുദ്ധത്തിൽ ചില സഹാബാക്കൾ പിന്മാറാൻ നിർബന്ധിതരായതിനു ശേഷം വീണ്ടും ഒത്തുചേർന്നപ്പോൾ നബി തിരുമേനി ﷺ സഹാബക്കളിൽ ആരെല്ലാമാണ് ശഹീദായത്, ആരെല്ലാമാണ് മുറിവേറ്റ് കിടക്കുന്നത് എന്ന് നോക്കാൻ പറഞ്ഞു. അപ്പോൾ ഏതാനും സഹാബാക്കൾ മൈതാനത്തെ നിരീക്ഷിക്കുന്നതിനായി പോയി. ഒരു അൻസാരി സഹാബി മൈതാനത്ത് മുറിവേറ്റ് കിടക്കുന്നതായി ഒരു സഹാബി കണ്ടു. അദ്ദേഹത്തിനടുത്തെത്തിയപ്പോൾ ആ സഹാബിയുടെ കയ്യും കാലും മുറിച്ചു മാറ്റപ്പെട്ടതായികണ്ടു. അത് അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാന നിമിഷങ്ങളാണെന്ന് മനസ്സിലായി. അപ്പോൾ മുറിവേറ്റ് കിടക്കുന്ന സഹാബിയുടെ അടുക്കലേക്ക് ചെന്നുകൊണ്ട് ''ബന്ധുക്കൾക്കും പ്രിയപ്പെട്ടവർക്കും എന്ത് സന്ദേശമാണ് നൽകേണ്ടത്, ഞാനത് എത്തിച്ചുകൊള്ളാം'' എന്ന് പറഞ്ഞു. ആ മുറിവേറ്റ സഹാബി പറഞ്ഞു: ''എന്റെ സന്ദേശം എത്തിക്കുന്നതിനായി ആരെങ്കിലും ഇതിലൂടെ കടന്നുപോകുന്നതിനായി ഞാൻ പ്രതീക്ഷിക്കുകയായിരുന്നു. എന്റെ വീട്ടുകാർക്കും, ഭാര്യാമക്കൾക്കും, ബന്ധുക്കൾക്കും എന്റെ ഈ സന്ദേശം എത്തിക്കുക. മുഹമ്മദ് റസൂലുല്ലാഹ് ﷺ ഒരു അമൂല്യ സൂക്ഷിപ്പ് മുതലാകുന്നു. ഞങ്ങൾക്ക് ജീവനുണ്ടായിരുന്നത് വരെ ഞങ്ങളതിനെ സംരക്ഷിച്ചു. ഇപ്പോൾ ഞങ്ങൾ വിടപറയുകയാണ്. അവർ (ബന്ധുക്കൾ) ഞങ്ങളെക്കാൾ വലിയ ത്യാഗങ്ങൾ ചെയ്ത് കൊണ്ട് ഈ അമൂല്യനിധിയെ സംരക്ഷിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പറയുന്നു: ''ചിന്തിക്കുക! ജീവൻ വേർപ്പെടുന്ന ആ സമയത്ത്, ഭാര്യാമക്കൾക്ക് സന്ദേശം എത്തിക്കുന്നതിനായി ഇനി മറ്റൊരു അവസരം ലഭിക്കുന്നതല്ല എന്നവർക്കറിയാം. അത്തരം അവസരത്തിൽ മനുഷ്യന് സ്വത്തുക്കളെയും കൊടുക്കൽ വാങ്ങൽ എന്നിവയെയും സംബന്ധിച്ച് പറയാനാണ് തോന്നുക. അവർ സന്തപ്ത കുടുംബാംഗങ്ങളുടെ ക്ഷേമത്തെ കുറിച്ച് ചിന്തയിലായിരിക്കും. അന്നേരത്തും ആ സഹാബി ചിന്തിച്ചത്, ഞാൻ നബി ﷺ യുടെ ജീവനെ സംരക്ഷിച്ചുകൊണ്ട് സ്വന്തം ജീവൻ ബലിയർപ്പിക്കുകയാണ്. പ്രിയപ്പെട്ടവർക്ക് സന്ദേശം നൽകിക്കൊണ്ട് പറയുന്നു, നിങ്ങളും ഇതിൽ മുന്നേറിക്കൊണ്ടിരിക്കുന്നതാണെന്നും, നബി ﷺ യുടെ ജീവനു മുന്നിൽ സ്വന്തം ജീവന് യാതൊരു വിലയും കൽപ്പിക്കുന്നതല്ലെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ചുരുക്കത്തിൽ നബി ﷺ ക്ക് വേണ്ടി ജീവൻ ബലിയർപ്പിച്ചവർ നബി ﷺ കൊണ്ടുവന്ന സന്ദേശത്തിനായി സർവ ത്യാഗങ്ങൾക്കും സന്നദ്ധരാകുമായിരുന്നു. അവർ എന്തെന്തെല്ലാമാണ് ചെയ്ത് കൂട്ടിയത്. ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه പറഞ്ഞു: ''സഹാബാക്കൾ ഇത് സംബന്ധമായി ചെയ്തതിനെ ഉദാഹരിച്ചുകൊണ്ട് ഞാൻ നബി ﷺ യുടെ വഫാത്ത് സമയത്തെ സംഭവം വിവരിക്കുകയാണ്.

നബി ﷺ യുടെ വഫാത്തിനെ സംബന്ധിച്ചുള്ള വാർത്ത സഹാബാക്കളിൽ പ്രചരിച്ചപ്പോൾ സ്നേഹാധിക്യത്താൽ അവർക്ക് തങ്ങളുടെ മേൽ പർവ്വതം തകർന്ന് വീണതായി തോന്നി. ഈ വാർത്ത തന്നെ തെറ്റാണെന്ന് പോലും ചില സഹാബാക്കൾ കരുതി. കാരണം ചില കപടവിശ്വാസികൾ മുസ്‌ലിംകളിൽ ഉള്ളതുകൊണ്ട് നബി ﷺ യുടെ വഫാത്തിന് സമയമായിട്ടില്ല എന്നവർ ധരിച്ചു. ഹ: ഉമർ ؓ ഉം ഈ ചിന്തയിൽ അകപ്പെട്ടു. വാളൂരിപ്പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് നബി ﷺ മരിച്ചു എന്നാരെങ്കിലും പറഞ്ഞാൽ ഞാനവന്റെ കഴുത്തറുക്കുമെന്ന് പറഞ്ഞു. "നബി ﷺ ആകാശത്തേക്ക് പോയതാണ്. വീണ്ടും ഇറങ്ങിവന്ന് കപട വിശ്വാസികളെ നശിപ്പിച്ചതിന് ശേഷമായിരിക്കും വഫാത്താകുക" എന്ന് പറഞ്ഞു. ധാരാളം സഹാബാക്കളും അദ്ദേഹത്തോടൊപ്പം ചേർന്ന് കൊണ്ട് നബി ﷺ വഫാത്തായി എന്ന് പറയാൻ ആരെയും സമ്മതിക്കില്ലെന്ന് പറഞ്ഞു. പ്രത്യക്ഷത്തിൽ ഇത് സ്നേഹപ്രകടനമായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ തിരുനബി ﷺ കൊണ്ടുവന്ന അദ്ധ്യാപനത്തിന് വിരുദ്ധവുമായിരുന്നു. കാരണം വിശുദ്ധ ഖുർആൻ വ്യക്തമായി പറയുന്നു,

أَفَإِنْ مَاتَ أَوْ قُتِلَ انْقَلَبْتُمْ عَلَىٰ أَعْقَابِكُمْ

നബി ﷺ വഫാത്താവുകയോ കൊല്ലപ്പെടുകയോ ചെയ്താൽ അല്ലയോ മുസ്‌ലിംകളെ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൽ പിന്തിരിഞ്ഞുകളയുമോ?

അന്നേരം പുറത്ത് പോയിരിക്കുകയായിരുന്ന ഹ: അബൂബക്കർ ؓ ന് ഈ വിവരം ലഭിച്ചപ്പോൾ അതിവേഗം മദീനയിൽ മടങ്ങിയെത്തി. നേരെ നബി ﷺ യുടെ പരിശുദ്ധ ശരീരം വെച്ചിരുന്ന മുറിയിലേക്ക് പോയി, നബി ﷺ യുടെ മുഖത്ത് നിന്ന് തുണിമാറ്റിക്കൊണ്ട് യഥാർഥത്തിൽ തിരുനബി വഫാത്തായി എന്ന് നോക്കി മനസ്സിലാക്കി. തുടർന്ന് കുനിഞ്ഞ് നെറ്റിയിൽ ചുംബനമർപ്പിച്ചു. അദ്ദേഹത്തിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകാൻ തുടങ്ങി. അദ്ദേഹം പരിശുദ്ധ ശരീരത്തെ അഭിസംബോധനം ചെയ്ത്കൊണ്ട് പറഞ്ഞു: "എന്റെ മാതാപിതാക്കൾ താങ്കൾക്ക് തെണ്ടമായിരിക്കട്ടെ. അല്ലാഹു താങ്കൾക്ക് രണ്ട് മരണം നൽകുന്നതല്ല." (ഒന്ന് പ്രത്യക്ഷമരണം, രണ്ടാമത്തേത് അദ്ദേഹം കൊണ്ടുവന്ന അധ്യാപനം നാമവശേഷമാക്കുക.) പിന്നീട് അദ്ദേഹം പുറത്തേക്ക് വന്നു. അവിടെ സഹാബാക്കൾ ഒരുമിച്ച് കൂടിയിരുന്നു. അവിടെ ഹദ്റത് ഉമർ ؓ വാൾ ഊരിപ്പിടിച്ചുകൊണ്ട് നബി ﷺ വഫാത്തായി എന്നു പറയുന്നവർ കപടവിശ്വാസിയാണ്, ഞാനവന്റെ കഴുത്തറുക്കുന്നതാണ് എന്ന് പ്രഖ്യാപിക്കുകയായിരുന്നു. ഹദ്റത് അബൂബക്കർ ؓ അവിടേക്ക് ചെന്നുകൊണ്ട് ജനങ്ങളോട് നിശബ്ദരാകാൻ പറഞ്ഞു. ഹദ്റത് ഉമർ ؓ നോടും കൂടിയായിട്ട് പറഞ്ഞു: "ശബ്ദിക്കരുത് എന്നെ പറയാൻ അനുവദിക്കുക." തുടർന്ന്

وَمَا مُحَمَّدٌ إِلَّا رَسُولٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ۚ
أَفَإِنْ مَاتَ أَوْ قُتِلَ انْقَلَبْتُمْ عَلَىٰ أَعْقَابِكُمْ ۚ

എന്ന ആയത്ത് പാരായണം ചെയ്തു. അതായത് മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പ് ആഗതരായ എല്ലാ പ്രവാചകനമാരും വഫാത്തായിരിക്കുന്നു. അതു പോലെ അദ്ദേഹവും വഫാത്താക്കുകയോ കൊല്ലപ്പെടുകയോ ചെയ്താൽ നിങ്ങൾ നിങ്ങളുടെ ദീനിനെ ഉപേക്ഷിക്കുമോ? നിങ്ങളുടെ ദീൻ ന്യൂനതയുള്ളതാണെന്ന് ധരിക്കുമോ?"പിന്നീട് വളരെ ആവേശത്തോടു കൂടി പറഞ്ഞു:

"ഓ ജനങ്ങളേ! مَنْ كَانَ يَعْبُدُ اللّٰهَ فَإِنَّ اللّٰهَ لَا يَمُوتُ നിങ്ങളിൽ നിന്ന് അല്ലാഹുവിനെ ആരാധിക്കുന്നവർ ഞങ്ങളുടെ അല്ലാഹു ജീവനുള്ളവനാണ്, ഒരിക്കലും മരിക്കുന്നതല്ല എന്നതിൽ സന്തോഷിക്കുക.

وَمَنْ كَانَ يَعْبُدُ مُحَمَّدًا فَإِنَّ مُحَمَّدًا قَدْ مَاتَ എന്നാൽ മുഹമ്മദ് റസൂൽ ﷺ യെ ആരാധിക്കുന്നവർ കേട്ടു കൊള്ളുക, അദ്ദേഹം വഫാത്തായിരിക്കുന്നു. ഹ: ഉമർ ؓ പറയുന്നു: "ഹ: അബൂബക്കർ ؓ മേലുദ്ധരിച്ച വചനം ഓതിയപ്പോൾ ആകാശം പിളർന്നതായി എനിക്ക് തോന്നി. എന്റെ കാലുകൾ വിറക്കുന്നതായി അനുഭവപ്പെട്ടു. കാലിന്റെ ബലം നഷ്ടപ്പെട്ട് അനിയന്ത്രിതമായി ഞാൻ താഴെ വീണു. അപ്പോഴാണെനിക്ക് നബി ﷺ വഫാത്തായി എന്ന യാഥാർത്ഥ്യം ബോധ്യപ്പെട്ടത്."

ഹ: അബൂബക്കർ ؓ ന് നബി ﷺ യോട് എത്രമാത്രം സ്നേഹമുണ്ടായിരുന്നുവെന്ന് നോക്കുക. നബി ﷺ വഫാത്തായി എന്ന് മനസ്സിലായപ്പോൾ അനിയന്ത്രിതമായി ഉടൻ തന്നെ നബിയുടെ പരിശുദ്ധ ശരീരത്തെ ചുംബിച്ചു കണ്ണുനീരൊഴുകാൻ തുടങ്ങി. എന്നാൽ മറുഭാഗത്ത് ആ പുണ്യാത്മാവ് കൊണ്ടുവന്ന അദ്ധ്യാപനത്തോടും അമിതമായ സ്നേഹമുണ്ടായിരുന്നു. ഉമർ ؓ നെ പോലെയുള്ള ധീരവ്യക്തി വാളുമായി നിന്നുകൊണ്ട് മരിച്ചു എന്ന് പറയുന്നവരെ കൊന്നുകളയുമെന്ന് പറയുന്നു. ധാരാളം സഹാബാക്കൾ അദ്ദേഹത്തെ അനുകൂലിക്കുന്നു. എന്നിട്ടും അദ്ദേഹം ധൈര്യം അവലംബിച്ചുകൊണ്ട് പറയുന്നു: "നബി ﷺ മരിച്ചിട്ടില്ല എന്ന് പറയുന്നവർ അദ്ദേഹത്തെ ദൈവമായിട്ടാണ് സങ്കല്പ്പിക്കുന്നത്. ഞാനവരോട് പറയുന്നു, നബി ﷺ മരിച്ചിരിക്കുന്നു. എന്നാൽ ആരാധിപ്പിക്കുന്നതിനായി ആ മഹാത്മാവ് അവതരിച്ച ആ ദൈവം ജീവനുള്ളവനാണ്." ഇതായിരുന്നു തിരുനബി ﷺ സഹാബാക്കളിൽ സംജാതമാക്കിയ സത്യത്തിന്റെ പ്രഭാവം. ഊരിപ്പിടിച്ച വാളുമായി നിന്ന സഹാബി ഇത് ശ്രവിച്ച മാത്രയിൽ തല കുനിച്ചുകൊണ്ട് അത് ശരിയാണ്, നബി സത്യത്തിൽ മരിച്ചിരിക്കുന്നു എന്ന് അംഗീകരിച്ചു.

മുസ്‌ലിഹ് മൗഊദ് ؓ പറയുന്നു: "അബൂബക്കർ ؓ ന് നബി ﷺ യോടുണ്ടായിരുന്ന നിസ്തുലമായ സ്നേഹം താഴെ കൊടുക്കുന്ന സംഭവത്തിൽ നിന്ന് പ്രകടമാകുന്നതാണ്. സിറിയയിലെ ചില എതിരാളികൾക്ക് അവരുടെ ഉപദ്രവത്തിന് ശിക്ഷ നൽകുന്നതിനായി നബി ﷺ തന്റെ വഫാത്തിന് മുമ്പ് ഒരു സൈന്യത്തെ തയ്യാറാക്കിയിരുന്നു. ആ സൈന്യം പുറപ്പെടുന്നതിന് മുമ്പ് തന്നെ നബി ﷺ വഫാത്തായി. വഫാത്തിന് ശേഷം അബൂബക്കർ ؓ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അധികം സഹാബാക്കളും ഒത്തുചേർന്ന് അദ്ദേഹത്തോട് പറഞ്ഞു: "ഈ സൈന്യത്തെ ഇപ്പോൾ അയക്കരുത്. കാരണം അറേബ്യയുടെ നാനാഭാഗത്ത് നിന്നും വിദ്രോഹത്തിന്റെ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. മക്കയും മദീനയും കൂടാതെ മറ്റൊരു ഗ്രാമത്തിലും മാത്രമായിരുന്നു ജമാഅത്തായ നമസ്കാരം നടന്നിരുന്നത്. ജനങ്ങൾ നമസ്കാരം തന്നെ ഉപേക്ഷിച്ചിരുന്നു. ഞങ്ങൾ സകാത്ത് നൽകുന്നതല്ലെന്ന് ജനങ്ങൾ പ്രഖ്യാപിക്കാൻ തുടങ്ങി.

സഹാബാക്കൾ ഉമർ رضي الله عنه നെ അബൂബക്കർ رضي الله عنه ന്റെ പക്ക ലേക്ക് അയച്ചുകൊണ്ട് ഈ സൈന്യത്തെ തടയാൻ ആവശ്യ പ്പെട്ടു. കാരണം വൃദ്ധരും കുട്ടികളും മാത്രം മദീനയിൽ ശേഷിച്ചാൽ അവർ എങ്ങിനെയാണ് വിദ്രോഹികളെ നേരിടുക? എന്നാൽ അബൂബക്കർ رضي الله عنه മറുപടി നൽകിക്കൊ ണ്ട് പറഞ്ഞു: "മുഹമ്മദ് ﷺ അയച്ച സൈന്യത്തെ തടയാൻ അബൂകഹാഫയുടെ മകന് എന്ത് യോഗ്യതയാണുള്ളത്. അല്ലാഹുവാണെ സത്യം! വിദ്രോഹികൾ മദീനയിൽ പ്രവേശിക്കുകയും നമ്മുടെ സ്ത്രീകളുടെ ശവശരീരത്തെ പട്ടികൾ വലിച്ചുകൊണ്ട് നടക്കുകയും ചെയ്താലും ആ സൈന്യം നിശ്ചയമായും പുറപ്പെടുന്നതാണ്."

ഇതിൽ നിന്നും ഹ: അബൂബക്കർ رضي الله عنه ന് നബി ﷺ യോടു ള്ള അനുരക്തി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അദ്ദേഹം സിദ്ധീഖിയത്തിന്റെ പദവിയിലായിരുന്നതിനാൽ നബി ﷺ കൊണ്ടുവന്ന അദ്ധ്യാപനങ്ങളുടെ ശ്രേഷ്ഠത ഇതിനേക്കാൾ ഔന്നിത്യത്തിലാണെന്ന് മനസ്സിലായിരുന്നു.

ചുരുക്കത്തിൽ ഇക്കൂട്ടർ അല്ലാഹു അയച്ച അദ്ധ്യാപനങ്ങളെ സ്വീകരിക്കുകയും അതിനെ നിലനിർത്തുകയും ചെയ്തു. അതിൽ അല്പം പോലും മാറ്റം വരുത്തിയില്ലെന്ന് ശത്രുക്കൾ പോലും അംഗീകരിക്കുകയും ചെയ്തു. കൃസ്ത്യാനികളും, ഹിന്ദുക്കളും, ജൂതന്മാരും തുടങ്ങിയ എല്ലാ എതിർ സമുദായ ങ്ങളും വിശുദ്ധ ഖുർആന്റെ ഒരു പുള്ളിപോലും മാറ്റപ്പെട്ടിട്ടില്ല എന്ന് അംഗീകരിക്കുന്നു. ഇന്ന് ഇവിടെയുള്ള നാമധാരികളാ യ റിസർച്ച് ചെയ്യുന്നവരാണ് ഖുർആനിൽ മാറ്റം വന്നിട്ടുണ്ടെ ന്ന് പറയുന്നത്. എന്നാൽ ഒരു പുള്ളിപോലും മാറ്റപ്പെട്ടിട്ടു ണ്ടെന്ന് തെളിയിക്കാൻ അവർക്ക് സാധ്യമല്ല. 1400 വർഷങ്ങൾ ക്കുമുമ്പുള്ള ഖുർആൻ തന്നെയാണ് ഇന്നുള്ളതും.

ഹ: മുസ്ലിഹ് മൗഊദ് رضي الله عنه പറയുന്നു: "ഇപ്പോൾ ഗ്രന്ഥവും, ഉന്നത ധാർമ്മിക ഗുണവും, നബി തിരുമേനി ﷺ യോടുള്ള സ്നേഹവും അനുരക്തിയും ഹൃദയത്തിൽ സ്ഥാപിക്കുന്ന തിനായി, നബി തിരുമേനി ﷺ യുടെ ശരീഅത്തിനെ നടപ്പി ലാക്കുന്നതിനായി ഈ കാലഘട്ടത്തിൽ അല്ലാഹു മസീഹ് മൗഊദ് عليه السلام നെ നിയോഗിച്ചിരിക്കുന്നു. സഹാബാക്കൾ رضي الله عنهم ഇവയെ സംരക്ഷിച്ച അതേ നിലയിൽ തന്നെ നമുക്കും ഇവയെ സംരക്ഷിക്കേണ്ടതാണെന്ന് നാം ഓർക്കേണ്ടതാണ്. നമ്മൾ ഈ സൂക്ഷിപ്പുമുതലിനെ നിലനിർത്തി എന്നത് മറ്റുള്ളവർക്കും മനസ്സിലാകുന്ന തരത്തിൽ നമ്മിലും മറ്റു സമുദായക്കാരിലും അന്തരം ഉണ്ടാകേണ്ടതാണ്."

അദ്ദേഹം വീണ്ടും പറയുന്നു: "ഹ: മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടത്തിൽ അത്തരത്തിലൊരു ജമാഅത്ത് സ്ഥാപി തമായിരുന്നു. എന്നാൽ ഭാവി തലമുറയിലും ഈ വികാരം ഉണ്ടോ എന്നതാണ് ചോദ്യം. ഒരു ഉത്തമ വസ്തു തനിക്ക് ലഭിക്കുകയും എന്നാൽ തന്റെ സന്താനങ്ങൾ അതിൽ നിന്ന് പിന്തള്ളപ്പെടുകയും ചെയ്യുക എന്നത് ഒരു ബുദ്ധിമാന് ഇഷ്ടപ്പെടുമോ? അപ്പോൾ ഹ: മസീഹ് മൗഊദ് عليه السلام ന്റെ സ്ഥാനത്തെയും മഹിമയെയും കുറിച്ച് അറിവുള്ള വ്യക്തി തന്റെ പിൻതലമുറക്ക് അത് ലഭിക്കരുതെന്നും, എന്നാൽ തന്റെ ഭൂമിയും, ഭവനങ്ങളും അവർക്ക് ലഭിക്കണമെന്നും ആഗ്രഹിക്കുമോ? വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു, وَمَا الْحَيٰوةُ الدُّنْيَآ اِلَّا لَعِبٌ وَّ لَهْوٌ ط ഭൗതിക ലോകം കളിതമാശകളെ പോലെയാണ്. ഇതെല്ലാം കളിതമാശക്കു ള്ളതാണ്. ഇവ ക്രിക്കറ്റിനേയും ഫുട്ബോളിനെയും ഹോക്കി യെയും പോലെയാകുന്നു. ഭരണകൂടം തന്റെ ഭൂമിയും, ഭവന ങ്ങളും, സ്വത്തുകളും കൈവശപ്പെടുത്തുകയും, എന്നാൽ കുട്ടിയും കോലുമോ, അല്ലെങ്കിൽ പൊട്ടിപ്പഴകിയ ഫുട്ബോ ളോ, അല്ലെങ്കിൽ ഒടിഞ്ഞ ടെന്നീസ് ബാറ്റോ, അല്ലെങ്കിൽ ഹോക്കി സ്റ്റിക്കോ തന്റെ മക്കൾക്ക് നൽകുകയും ചെയ്യുന്നത് ആരെങ്കിലും ഇഷ്ടപ്പെടുമോ? അല്ലാഹു പറയുന്നു, ഭൗതിക വസ്തുക്കൾ കളിതമാശകളാണ്. യഥാർത്ഥ വസ്തുക്കൾക്ക് കളിതമാശയോടുള്ള താരതമ്യമാണ് ദീനിന് ദുൻയാവിനോ ടുള്ളത്. വിലയേറിയ പൈതൃകം തന്റെ സന്താനങ്ങൾക്ക് ലഭി ക്കാതെ കളിതമാശക്കുള്ള വസ്തുക്കൾ അവർക്ക് ലഭിക്കു ന്നത് ആരാണ് ഇഷ്ടപ്പെടുക? എന്നാൽ പ്രായോഗികതലത്തി ൽ അങ്ങിനെ ചെയ്യുന്നവർ നമ്മിലില്ലേ? തന്റെ മകൻ കളവു പറയുമ്പോൾ, മോഷ്ടിക്കുമ്പോൾ, അല്ലെങ്കിൽ മറ്റേതെങ്കിലും അപരാധം ചെയ്യുമ്പോൾ അവർ അതിനെ പിന്തുണക്കുന്നു."

അദ്ദേഹം പറയുന്നു: "മാതാപിതാക്കൾ പാത്തും പതുങ്ങി യും അപരാധികളെ രക്ഷിക്കാൻ ശ്രമിക്കുന്നു. ഒന്നാമതായി സന്താനങ്ങളെ ദീനി അദ്ധ്യാപനങ്ങളിൽ നിന്ന് പിന്തള്ളിയ കാരണത്താൽ അപരധികളാണ്. അവരുടെ മുന്നിൽ നന്മക്ക് എന്തെങ്കിലും വിലയുണ്ടായിരുന്നുവെങ്കിൽ അതിൽ നിന്ന് തങ്ങളുടെ സന്താനങ്ങളെ പിന്തള്ളാൻ യാതൊരു കാരണ വുമില്ല. തൽസംബന്ധമായി ശിക്ഷണത്തിൽ എന്തെങ്കിലും അലസത ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെ അപരാധിയെ സഹായിക്കുന്നതിൽ നിന്നും ഒഴിഞ്ഞ് നിന്നേനെ."

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു,

وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوٰى وَلَا تَعَاوَنُوا عَلَى الْاِثْمِ وَالْعُدْوَانِ

നന്മയിലും ഭയഭക്തിയിലും പരസ്പരം സഹായിക്കുക. എന്നാൽ തിന്മയിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. അദ്ദേഹം പറയുന്നു: "അവർ ചെയ്ത ആദ്യ അപരാധം ഇതാണ്. അല്ലാഹു പറയുന്നു, قُوْٓا اَنْفُسَكُمْ وَاَهْلِيْكُمْ نَارًا സ്വയം തന്നെയും തന്റെ ഭാര്യാമക്കളെയും നരകാഗ്നിയിൽ നിന്ന് രക്ഷിക്കുക. എന്നാൽ അവരങ്ങിനെ ചെയ്തില്ല. രണ്ടാമത്തെ അപരാധം وَلَا تَعَاوَنُوا عَلَى الْاِثْمِ وَالْعُدْوَانِ എന്ന ദൈവിക കല്പന ലംഘിക്കുന്നു എന്നതാണ്." ചിലയാളുകളുടെ പരാതികൾ വന്നിരുന്നു. അതിനാലാണ് ഇത് പരാമർശിക്കുന്നത്. അത്തര ത്തിലുള്ള പരാതികൾ ഇപ്പോഴും ലഭിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "അല്ലാഹു ദീനിനെ അനുഗ്രഹമായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്." എന്നാൽ ദീനിന് ദുൻയാവിനേ ക്കാൾ മുൻഗണന നൽകുമെന്ന് പ്രഖ്യാപിക്കുന്ന ജമാഅ ത്തിൽ ഒന്നാമതായി തന്റെ മക്കളെ ദീനിൽ നിന്ന് പിന്തള്ളു ന്നവരും, പിന്നീട് അവർ അക്രമികളാകുമ്പോൾ അവരെ സഹായിക്കുന്നവരുമുണ്ട്. ചിലപ്പോൾ അവർ ചെയ്യുന്ന ചില അപരാധങ്ങളിൽ അഹ്മദിയ്യത്തും വിശ്വാസവും അനുകൂലി ക്കുന്നില്ലെന്നു മാത്രമല്ല, മാന്യതയും മനുഷ്യത്വവും അതിൽ വിറകൊള്ളുന്നു. എന്നാൽ അത്തരത്തിലുള്ള ഈ അപരാ ധികളുടെ മാതാപിതാക്കൾ, സഹോദരന്മാർ, ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവർ അവരെ സഹായിക്കുന്നു. ഇങ്ങനെ ചെയ്യുന്നതായാൽ വിശ്വാസം എങ്ങിനെയാണ് ശേഷിക്കുക എന്ന് പോലും ചിന്തിക്കുന്നില്ല.

അങ്ങിനെയുള്ളവരുടെ ദീൻ ആകാശത്തേക്കുയർന്ന് പോകുന്നു. അദ്ദേഹം പറയുന്നു: ''മുഹമ്മദ് റസൂലുല്ലാഹ് ﷺ യെ നോക്കുക. ഒരിക്കൽ ചില സഹാബാക്കൾ ഒരു അപരധിയെ സംബധിച്ച് നബി ﷺ യുടെ പക്കൽ ശുപാർശ ചെയ്തു. നബി ﷺ പറഞ്ഞു: ''അല്ലാഹുവാണെ സത്യം! എന്റെ മകൾ ഫാത്തിമ മോഷ്ടിക്കുകയാണെങ്കിൽ അവളും ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതല്ല.''

ചുരുക്കത്തിൽ ഭയഭക്തിയും വിശുദ്ധിയും വളരെ സുപ്രധാന അനുഗ്രഹമാണ്. അതിനെ കരസ്ഥമാക്കുന്നതിനായി എന്ത് ത്യാഗം സഹിക്കേണ്ടിവന്നാലും ശങ്കിക്കരുത്. ഹ: മസീഹ് മൗഊദ് عليه السلام ൽ നിന്ന് നമുക്ക് ലഭിച്ച സമ്പത്ത് ഉന്നതമായ ധാർമിക ഗുണങ്ങളാകുന്നു. നമ്മുടെ സന്താനങ്ങളെ അതിനവകാശികളാക്കി മാറ്റുക എന്നതാണ് നമ്മുടെ ധർമം. അശ്രദ്ധകൊണ്ട് അതിൽ എന്തെങ്കിലും അലസത ഉണ്ടാകുകയാണെങ്കിൽ وَلَا تَعَاوَنُوا عَلَى الْإِثْمِ എന്നത് ചെയ്യാതെ അപ്പോൾ തന്നെ അതിൽ നിന്നകലുക എന്നതാണ് വിശ്വാസികളുടെ കടമ. അപരാധം ചെയ്തവരെ സംബന്ധിച്ച് അല്ലാഹു വിശ്വാസികൾക്ക് ഉദാഹരണം കാണിച്ചുകൊടുത്തിട്ടുണ്ട്. അങ്ങിനെ ചെയ്യുക അസാധ്യമാണെന്ന് ആർക്കും പറയാൻ കഴിയില്ല.

ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഒരു സഹാബിയുടെ ഉദാഹരണം നൽകിക്കൊണ്ട് പറയുന്നു: ''സയ്യിദ് ഹാമിദ് ശാഹ് മർഹൂം വളരെ ആത്മാർഥ അഹ്മദിയായിരുന്നു. ഹ: മസീഹ് മൗഊദ് عليه السلام അദ്ദേഹത്തെ തന്റെ 12 ഹവാരികളിൽ ഉൾപ്പെടുത്തിയിരുന്നു. ഹ: മസീഹ് മൗഊദ് عليه السلام എന്റെ മുന്നിൽ വെച്ച് തന്റെ ഹവാരികളുടെ പേരുകൾ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പേരും പരാമർശിച്ചിരുന്നു. പിന്നീട് അദേഹത്തിന്റെ സൽപരിണാമം അദ്ദേഹത്തിന്റെ ഉന്നത പദവിയിൽ മുദ്ര ചാർത്തുകയുണ്ടായി. ഒരിക്കൽ ആ വ്യക്തിയുടെ മകന്റെ കയ്യാൽ ഒരാൾ വധിക്കപ്പെട്ടു. എന്നാൽ പൊതുജനങ്ങളുടെ അനുകമ്പ അദ്ദേഹത്തിന്റെ മകനോടുണ്ടായിരുന്ന സാഹചര്യത്തിലായിരുന്നു ആ വധം നടന്നത്. അതായത് അദ്ദേഹത്തിന്റെ മകന്റെ കയ്യാൽ ഒരാൾ കൊല്ലപ്പെട്ടെങ്കിലും സാഹചര്യം കാരണത്താൽ കൊലയാളിയായിരുന്നിട്ടും അദ്ദേഹത്തിന്റെ മകനോടായിരുന്നു ജനങ്ങൾക്ക് സഹതാപമുണ്ടായിരുന്നത്. കാരണം കൊല്ലപ്പെട്ടയാളുടെ ഉപദ്രവം കാരണത്താലാണ് കലഹം ഉണ്ടായത്. അദ്ദേഹത്തിന്റെ മകൻ അയാളെ അടിക്കുകയും തൽഫലമായി അയാൾ മരിക്കുകയും ചെയ്തു. ഹ: മൂസാ عليه السلام ന്റെ കാലഘട്ടത്തിലും അങ്ങനെയുള്ള ഒരു സംഭവം ഉണ്ടായിരുന്നു. ബ്രിട്ടീഷുകാരനായ സിയാൽ കോട്ടിലെ ഡെപ്യൂട്ടി കമ്മീഷണർ തന്റെ ഭയം നിലനിർത്തുന്നതിനായി അപരാധം സ്ഥാപിക്കപ്പെട്ടാലും ഇല്ലെങ്കിലും ശിക്ഷിക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം ചിന്തിച്ചു തന്റെ ഓഫീസിലെ സൂപ്രണ്ടായ മിർ ഹാമിദ് സാഹിബിന്റെ മകനെ ശിക്ഷിക്കുമ്പോൾ എന്റെ നീതിയെ ജനങ്ങൾ പുകഴ്ത്തും. അതിനാൽ ശാഹ് സാഹിബിനെ വിളിച്ചുകൊണ്ട് ചോദിച്ചു: ''നിങ്ങളുടെ മകൻ യഥാർത്ഥത്തിൽ വധിച്ചുവോ?'' അദ്ദേഹം പറഞ്ഞു: ''ഞാനവിടെ ഉണ്ടായിരുന്നില്ല. എന്നാൽ അങ്ങിനെ ചെയ്തതായിട്ടാണ് കേട്ടത്.'' അയാൾ പറഞ്ഞു: ''താങ്കൾ അവനെ വിളിച്ച് കുറ്റം സമ്മതിക്കാനായി പറയുക. നാം ആരെയും വക വെക്കുന്നതല്ല എന്ന് ജനങ്ങൾക്ക് ബോധ്യമാകാൻ വേണ്ടി.'' അദ്ദേഹം തന്റെ മകനെ വിളിപ്പിച്ച് ചോദിച്ചു: ''നീ ഇയാളെ കൊന്നതാണോ?'' പറഞ്ഞു: ''അതെ'' അദ്ദേഹം പറഞ്ഞു: ''സത്യത്തെ ഏറ്റു പറയുക.'' ജനങ്ങൾ പറഞ്ഞു: ''സ്വന്തം മകനെ എന്തിനാണ് തൂക്കുമരത്തിൽ കയറ്റുന്നത്?'' എന്നാൽ അദ്ദേഹം പറഞ്ഞു: ''ഈ ലോകത്തെ ശിക്ഷയേക്കാൾ കഠിനമാണ് പരലോകത്തെ ശിക്ഷ. തന്റെ മകനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, കുറ്റം സമ്മതിക്കുക.'' അവൻ കുറ്റം ഏറ്റു പറഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ മകൻ ക്രിക്കറ്റ് കളിക്കാരനായിരുന്നു. കേസ് എടുത്തിരുന്ന മജിസ്ട്രേറ്റും ക്രിക്കറ്റ് കളിക്കുന്ന ആളായിരുന്നു. അദ്ദേഹത്തിന് ക്രിക്കറ്റ് ക്ലബിൽ വെച്ച് സംഗതിയുടെ യാഥാർത്ഥ്യം മനസ്സിലായി. മജിസ്ട്രേറ്റിന് ഏതെങ്കിലും കാര്യത്തിൽ ദൃഢവിശ്വാസം വരികയാണെങ്കിൽ അപരാധിയോട് ഒന്നും ചോദിക്കേണ്ട ആവശ്യമില്ലെന്ന തരത്തിലുള്ളതായിരുന്നു നിയമം. അദ്ദേഹം സ്വയം പോലീസിനെ ഗ്രാമത്തിൽ അയച്ചതു കാരണത്താൽ ആ യുവാവിന്റെ നിരപരാധിത്വം സ്ഥാപിതമായി. അങ്ങിനെ ഒന്നും തന്നെ ചോദിക്കാതെ അവനെ മോചിതനാക്കി.

മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: ''അത്തരത്തിലുള്ള ഒരു കേസ് കഴിഞ്ഞ ദിവസങ്ങളിൽ ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ സഹോദരന്റെ മേലും ഉണ്ടായി. ചൗധരി സാഹിബ് അന്നേരം വിദേശത്തോ ലണ്ടനിലോ ആയിരുന്നു. അദ്ദേഹം തന്റെ സഹോദരന് എഴുതി, ഇത് വിശ്വാസത്തിന്റെ പരീക്ഷണഘട്ടമാണ്. അഥവാ നിന്നിൽ നിന്ന് തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ നിന്റെ മൂത്ത സഹോദരൻ എന്ന നിലയിൽ നിന്നെ ഉപദേശിച്ചുകൊണ്ട് പറയുന്നു, ഈ ലോകത്തെ ശിക്ഷയേക്കാൾ കഠിനമാണ് പരലോകത്തെ ശിക്ഷ. അതിനാൽ അതിനെ സഹിച്ചുകൊള്ളുക. സത്യം പറയുക.''

വീണ്ടും അദ്ദേഹം പറയുന്നു: ''സിയാൽ കോട്ട് വാസിയായ നമ്മുടെ ഒരു സുഹൃത്തിന് അഹ്മദിയായ ശേഷം കൈകൂലി വാങ്ങുന്നത് അപരാധമാണെന്ന് മനസ്സിലായപ്പോൾ അദ്ദേഹം ആരിൽ നിന്നെല്ലാം കൈകൂലി വാങ്ങിയിരുന്നുവോ അവരുടെ വീടുകൾ കയറിയിറങ്ങി ആ കൈകൂലി മടക്കി കൊടുത്തു. തൽഫലമായി അദ്ദേഹം കടത്തിൽ മുങ്ങിത്താഴ്ന്നു. എന്നാലും അതിനെ അവഗണിച്ചു.''

ഹദ്റത് മുസ്‌ലിഹ് മൗഊദ് عليه السلام പറയുന്നു: ''നമ്മുടെ ജമാഅത്തിൽ എല്ലാ തരത്തിലുള്ള പ്രവർത്തനങ്ങളിലും മാതൃകകൾ ഉണ്ട്. അതിനെ സംബന്ധിച്ച് സഹാബാക്കളുടെ മാതൃകകളാണെന്ന് പറയാൻ കഴിയുന്നതാണ്. എന്നാൽ നാം അതിൽ സംതൃപ്തരാകരുത്. മറിച്ച് മുഴുവൻ ജമാഅത്തും അങ്ങിനെയായിത്തീരുന്നതിനായി പരിശ്രമിക്കേണ്ടതാണ്.''

വീണ്ടും അദ്ദേഹം പറയുന്നു: ''ഞാൻ സുഹൃത്തുക്കളുടെ ശ്രദ്ധ ക്ഷണിച്ചു കൊണ്ട് പറയുകയാണ്, അവരിൽ ഏൽപ്പിക്കപ്പെട്ട സൂക്ഷിപ്പു മുതലിനെ വിലമതിക്കുക. ഹദ്റത് മസീഹ് മൗഊദ് عليه السلام വന്ന് കൊണ്ട് നമുക്ക് സ്വത്തുക്കളല്ല നൽകിയത്, ഭരണമല്ല നൽകിയത്, സുഖാഢംബരത്തിനുള്ള സൗകര്യങ്ങളല്ല നൽകിയത്, കേവലം ഒരു സത്യമാണ് നമുക്ക് നൽകിയത്. അതും ഇല്ലാതാക്കുകയാണെങ്കിൽ 1300 വർഷങ്ങൾക്ക് ശേഷം അല്ലാഹു ഇറക്കിയ ഈ അനുഗ്രഹത്തെ നാം നമ്മുടെ കയ്യാൽ വലിച്ചെറിയുന്നവരായിത്തീരും എന്നുള്ളത് എത്ര നിർഭാഗ്യകരമായിരിക്കും. ഹദ്റത് മസീഹ് മൗഊദ് عليه السلام നമുക്ക് ഇസ്‌ലാം നൽകി,

ഉന്നത ധാർമിക ഗുണം നൽകി, മാതൃക സ്ഥാപിച്ചുകൊണ്ട് അത് പ്രവർത്തന യോഗ്യമാണെന്ന് കാണിച്ചുതന്നു.

വീണ്ടും അദ്ദേഹം മാർട്ടിൻ ക്ലാർക്കിന്റെ സംഭവം വിവരിക്കുന്നു. മിർസാ സാഹിബ് തന്നെ വധിക്കുവാനായി ഒരാളെ അയച്ചു എന്ന് അയാൾ കോടതിയിൽ വാദിച്ചു. മുസ്‌ലിംകളിലെ പണ്ഡിതന്മാർ എന്ന് വിളിക്കപ്പെടുന്നവരും അയാളോടൊപ്പം ചേർന്നു. മുഹമ്മദ് ഹുസൈൻ ബട്ടാലവി ഈ കേസിൽ ഹ: മസീഹ് മൗഊദ് عليه السلام നെതിരിൽ സാക്ഷി പറയുന്നതിനായി കോടതിയിൽ ഹാജറായി. ഹ: മസീഹ് മൗഊദ് عليه السلام ന് അല്ലാഹു നേരത്തെ തന്നെ വെളിപാടിലൂടെ ഒരു മൗലവി തനിക്കെതിരിൽ വരുമെന്നും എന്നാൽ അല്ലാഹു അയാളെ നിന്ദ്യനാക്കുമെന്നും അറിയിച്ചിരുന്നു. വെളിപാടിൽ അയാളുടെ നിന്ദ്യതയെ കുറിച്ച് പറഞ്ഞിട്ടുണ്ടായിരുന്നെങ്കിലും വെളിപാടിനെ പൂർത്തിയാക്കുന്നതിനായി പ്രത്യക്ഷത്തിൽ അനുവദനീയമായ ശ്രമം നടത്തേണ്ടതും അനിവാര്യമാണ്. മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: "ഹ: മസീഹ് മൗഊദ് عليه السلام നു വേണ്ടി ഈ കേസ് വാദിച്ച ലോഹോറിലെ വക്കീൽ മൗലവി ഫദ്‌ലുദ്ദീൻ സാഹിബ് എന്നോട് പറഞ്ഞു, മൗലവി മുഹമ്മദ് ഹുസൈൻ നിന്ദ്യനാകുമായിരുന്ന ഒരു ചോദ്യം ഞാൻ ചോദിക്കാൻ ആഗ്രഹിച്ചപ്പോൾ അദ്ദേഹം അത് ചോദിക്കുന്നതിൽ നിന്ന് തടഞ്ഞു. മസീഹ് മൗഊദ് പറഞ്ഞു: "അത്തരം ചോദ്യങ്ങളെ നമുക്ക് സഹിക്കാൻ കഴിയില്ല." മൗലവി ഫദ്‌ലുദ്ദീൻ സാഹിബ് പറഞ്ഞു: "ആ ചോദ്യത്താൽ താങ്കൾക്കെതിരിലുള്ള കേസ് ദുർബലപ്പെട്ടു പോകുന്നതാണ്. മാതമല്ല അത് ചോദിച്ചില്ലെങ്കിൽ താങ്കളെ മോശമായി ബാധിക്കുന്നതുമാണ്." എന്നാൽ അദ്ദേഹം പറഞ്ഞത്, "വേണ്ട. ഇത് ചോദിക്കാനുള്ള അനുമതി നാം നൽകില്ല എന്നാണ്." മൗലവി ഫദ്‌ലുദ്ദീന്റെ വ്യക്തിപരമായ ചോദ്യമായിരുന്നു അത്. മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ വ്യക്തിത്വത്തിൽ കളങ്കം വരുന്ന ചോദ്യമായിരുന്നു. വക്കീലായിരുന്ന മൗലവി ഫദ്‌ലുദ്ദീൻ സാഹിബ് അഹ്‌മദിയായിരുന്നില്ല. മറിച്ച് ഹനഫിയായിരുന്നു. എന്നാൽ മസീഹ് മൗഊദ് عليه السلام ന്റെ വക്കീലായിരുന്നു. അദ്ദേഹത്തിന് വേണ്ടി കേസ് വാദിക്കുകയായിരുന്നു. മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: "ആ വക്കീൽ ഹനഫികളുടെ നേതാവുമായിരുന്നു. അഞ്ചുമൻ നുമാനിയ തുടങ്ങിയവയുടെ സജീവ പ്രവർത്തകനുമായിരുന്നു. അതിനാൽ മതപരമായ വിദ്വേഷമുണ്ടായിരുന്നു. എന്നാൽ അനഹ്‌മദി സദസ്സിൽ ഹ: മസീഹ് മൗഊദ് عليه السلام ന്റെ വ്യക്തി ജീവിതത്തിൽ ആരെങ്കിലും ആരോപണം ഉന്നയിച്ചാൽ അദ്ദേഹം ശക്തമായി നിരാകരിച്ച് കൊണ്ട് പറയും, വിശ്വാസം മറ്റൊന്നാണ്, എന്നാൽ അദ്ദേഹത്തിന്റെ സ്വഭാവഗുണം ഉന്നതമാണെന്ന് എനിക്കറിയാം. നമ്മുടെ ഉലമാക്കളിൽ ആർക്കും അതിനെ നേരിടാൻ സാധിക്കില്ല. സ്വഭാവ സംബന്ധമായി ഞാൻ പല അവസരങ്ങളിലും അദ്ദേഹത്തെ പരീക്ഷിച്ചിരുന്നു. അവിടെയൊന്നും തന്നെ ഒരു മൗലവിക്കും നിലകൊള്ളാൻ സാധിക്കില്ല."

അദ്ദേഹം പറയുന്നു: "നേരത്തെ തന്നെ മൗലവി മുഹമ്മദ് ഹുസൈന്റെ നിന്ദ്യതയുടെ അറിവ് നൽകിയ അല്ലാഹു, ഒരു ഭാഗത്ത് അദ്ദേഹത്തിന്റെ സ്വഭാവഗുണം പ്രകടിപ്പിച്ചു കൊണ്ട് അദ്ദേഹത്തിന്റെ ആദരവ് സ്ഥാപിച്ചപ്പോൾ മറുഭാഗത്ത് അസാധാരണ സാഹചര്യം സൃഷ്ടിച്ചുകൊണ്ട് മൗലവി സാഹിബിനെ നിന്ദ്യനാക്കുകയും ചെയ്തു. അതെപ്രകാരമെന്നാൽ ആദ്യം എതിരാളിയായിരുന്ന ഡെപ്യൂട്ടി കമ്മീഷ്ണർ അദ്ദേഹത്തിന്റെ മുഖം കണ്ടപ്പോൾ തന്നെ അയാളുടെ ഹൃദയത്തിന്റെ അവസ്ഥയിൽ പരിവർത്തനം ഉണ്ടായി. അപരാധി എന്ന നിലയിലാണ് മസീഹ് മൗഊദ് عليه السلام അവിടെ ഹാജരാക്കപ്പെട്ടതെങ്കിലും അയാൾ കസേര വരുത്തിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മുന്നിൽ വെക്കുകയും അതിൽ അദ്ദേഹത്തെ ഇരുത്തുകയും ചെയ്തു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് സാക്ഷി പറയാനായി എത്തിയപ്പോൾ മസീഹ് മൗഊദ് عليه السلام നെ കയ്യാമം വെച്ച് കൊണ്ട് അല്ലെങ്കിൽ കുറഞ്ഞപക്ഷം നിന്ദ്യനായ നിലയിൽ നിൽക്കുന്നതായി പ്രതീക്ഷിച്ചാണ് വന്നത്. എന്നാൽ മസീഹ് മൗഊദ് عليه السلام നെ മജിസ്ട്രേറ്റ് തന്നോടൊപ്പം കസേരയിൽ ഇരിത്തിയിരിക്കുന്നതായി കണ്ടപ്പോൾ കോപാന്തനാകുകയും തനിക്കും കസേര വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ നിങ്ങൾക്ക് ഒരവകാശവുമില്ല എന്നാണ് കോടതി പറഞ്ഞത്. അയാൾ ശാഠ്യം പിടിച്ചപ്പോൾ വളരെ ശക്തമായ ഭാഷയിൽ ജഡ്ജി വിരട്ടുകയാണ് ചെയ്തത്."

മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: "മസീഹ് മൗഊദ് عليه السلام ന്റെ ഉന്നത ധാർമ്മിക ഗുണങ്ങളാൽ അദ്ദേഹത്തിന്റെ ആദരവ് സ്ഥാപിതമായി. അതിനു മുന്നിൽ നമ്മുടെ ജമാഅത്തിലെ എത്ര സുഹൃത്തുക്കളാണ് കോപാവസ്ഥയിൽ സ്വയം നിയന്ത്രിക്കുന്നത്. ഹ: മസീഹ് മൗഊദ് عليه السلام നെ നോക്കുക. തന്റെ ശത്രുവിന്റെ സത്യാവസ്ഥയിലെ നിന്ദ്യത പോലും സഹിക്കുന്നില്ല. എന്നാൽ നമ്മുടെ സുഹൃത്തുക്കൾ ആവേശത്തിനടിപ്പെട്ട് അസഭ്യം പുലമ്പാനും കയ്യാങ്കളിക്ക് വരെയും തയ്യാറാകുന്നു. ഹദ്റത് മസീഹ് മൗഊദ് عليه السلام പറഞ്ഞു:

*ആവേശത്തിൽ കാരുണ്യമുണ്ട്,*
*കോപത്തെ നിഷ്പ്രഭമാക്കി നാം.*

അതിനാൽ ഒരു ഭാഗത്ത് നമ്മുടെ ജമാഅത്ത് ഈ ഉന്നത ധാർമ്മികഗുണം സ്വായത്തമാക്കേണ്ടതാണ്. മറുഭാഗത്ത് തിന്മയെ പൂർണ്ണമായും വെറുക്കേണ്ടതാണ്. ഹദ്റത് മുഹമ്മദ് നബി ﷺ യും മസീഹ് മൗഊദ് عليه السلام ഉം കാണിച്ച രീതിയിലുള്ള വെറുപ്പ്. മസീഹ് മൗഊദ് عليه السلام ലും ഈ രണ്ട് ദൃശ്യങ്ങളും കാണപ്പെടുന്നു. അതിൽ നിന്നും മനസ്സിലാകുന്നത് വിശ്വാസി ഒരു സമ്മിശ്രപ്രകൃത മനുഷ്യജീവിയാണെന്നാണ്.

പണ്ഡിറ്റ് ലേഖ്റാമിന്റെ സലാമിന് മറുപടി പറയാതിരുന്ന സംഭവവും വിവരിക്കുകയുണ്ടായി. കാരണം നബി ﷺ യ്ക്ക് എതിരിൽ അയാൾ വളരെ നീചമായി അസഭ്യം പുലമ്പിയിരുന്നു. മറുഭാഗത്ത് സ്വന്തം കാര്യം വന്നപ്പോൾ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെ നിന്ദ്യതയ്ക്ക് കാരണമാകുന്ന കാര്യത്തെ തന്നെ വിലക്കുന്നു.

അദ്ദേഹം പറയുന്നു: "ഓർത്തുകൊള്ളുക, തന്റെ സന്താനങ്ങൾക്ക് സൽസ്വഭാവം പഠിപ്പിച്ചു കൊടുക്കാത്തവർ തങ്ങളുടെ സന്താനങ്ങളുടെ ശത്രുക്കളാണെന്ന് മാത്രമല്ല, മറിച്ച് ജമാഅത്തിന്റെയും ശത്രുക്കളാണ്. നബി ﷺ യുടെയും ശത്രുവാകുന്നു. അല്ലാഹുവിനോട് ശത്രുത പുലർത്തുന്നവരാകുന്നു." പറയുന്നു: "ഞാൻ ഖുത്വുബകളിലൂടെ ധാരാളം ഉപദേശങ്ങൾ നൽകികൊണ്ടിരിക്കുന്നു. ഈ ശൃംഖല എല്ലാ കാലഘട്ടങ്ങളിലും തുടർന്ന് കൊണ്ടു പോകുന്നതാണ്. മുൻ ഖലീഫമാരും നൽകിയിരുന്നു.

ഞാനും നൽകിക്കൊണ്ടിരിക്കുന്നു. അതിനൊരു ഉദാഹരണവും നൽകുന്നു. ഖുത്ബകൾ നൽകിക്കൊണ്ടിരിക്കുന്ന കാലത്തോളം എന്തെങ്കിലും പ്രഭാവം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഖുത്ബകളുടെ പരമ്പര അവസാനിക്കുമ്പോൾ കുറച്ചുകാലത്തിനു ശേഷം ആ സ്വാധീനം ഇല്ലാതാകുന്നു. അതിനൊരു ഉദാഹരണവും നൽകി.”

“ജാക്ക് ഇൻദിബോക്സ് എന്നൊരു കളിപ്പാട്ടമുണ്ട്. പെട്ടികളിൽ മൃദുവായ ഒരു വസ്തു ഉണ്ടാകുന്നു. അടപ്പ് ഇടുമ്പോൾ അത് പെട്ടിക്കുള്ളിൽ ആകുന്നു. അടപ്പ് തുറന്നാൽ ചാടി പുറത്തേക്ക് വരുന്നു. ഇതേ അവസ്ഥയാണ് അവരുടേത്. ഉപദേശിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം അവരിൽ അല്പം സ്വാധീനം ഉണ്ടാകുന്നു. ഉപദേശം നിർത്തുമ്പോൾ അതേ പോലെ ചാടിപ്പുറത്താകുന്നു.”

അദ്ദേഹം പറയുന്നു: “സ്ഥിരമായി നിലനിൽക്കുന്ന ശബ്ദം അല്ലാഹു ആർക്കും തന്നെ നൽകിയിട്ടില്ല. മനുഷ്യൻ വിശ്വാസിയാകുക എന്നതാണ് യഥാർത്ഥ വസ്തുത. അന്നേരം ഈ ശൃംഖല അവസാനിക്കുന്നു. കാരണം വിശ്വാസം ഉടലെടുക്കാത്തതു വരെയാണ് സംഘർഷം നിലനിൽക്കുന്നത്. ശ്രദ്ധ ക്ഷണിക്കുമ്പോൾ ശ്രദ്ധിച്ചു കേൾക്കുകയും പിന്നീട് അതിനെ പ്രായോഗിക ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യേണ്ടതാണ്. ജമാഅത്തിന്റെ പുരോഗതിയുടെ മാർഗവും ഇതു തന്നെയാണ്. ഇതുതന്നെയാണ് മനുഷ്യനെ യഥാർത്ഥ ദാസനാക്കി മാറ്റുന്നതും.”

അദ്ദേഹം പറയുന്നു: “അല്ലാഹു ഹ: മസീഹ് മൗഊദ് عليه السلام നെ നിയോഗിച്ചുകൊണ്ട് തങ്ങളുടെ മേൽ വലിയ ഉത്തരവാദിത്വമാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് ജമാഅത്ത് മനസ്സിലാക്കേണ്ടതാണ്. മനുഷ്യനിൽ പർവത സമാനമായ ദൗർബല്യങ്ങളുണ്ടെങ്കിലും അതിനെ ഉപേക്ഷിക്കാനുള്ള തീരുമാനം എടുക്കുകയാണെങ്കിൽ അതിനൊരു പ്രയാസവുമില്ല. ഹ: മസീഹ് عليه السلام ന്റെ പ്രസിദ്ധമായ ഒരു വാക്യമുണ്ട്. അഥവാ നിങ്ങളുടെ ഹൃദയത്തിൽ കടുകു മണിയോളം വിശ്വാസമുണ്ടെങ്കിൽ നിങ്ങൾക്ക് പർവ്വതത്തെ അതിന്റെ സ്ഥാനത്ത് നിന്ന് നീക്കാൻ സാധിക്കുന്നതാണ്. അതിനർഥം പാപങ്ങൾ പർവത സമാനങ്ങളാണെങ്കിലും മനസ്സിനുള്ളിൽ കടുകു മണിയോള വിശ്വാസമുണ്ടെങ്കിൽ അവർക്ക് ആ പർവതങ്ങളെ ധൂളീകരിക്കാൻ സാധിക്കുന്നതാണ്. വിശ്വാസി ദൃഢമായ തീരുമാനം എടുക്കുകയാണെങ്കിൽ മാർഗതടസ്സങ്ങൾ ഉണ്ടാകുന്നതല്ല. എല്ലാ തടസങ്ങളും ദുരീകരിക്കപ്പെടുന്നതാണ്.”

പറയുന്നു: “ഞാനിപ്പോൾ പറയാൻ ആഗ്രഹിക്കുന്നത്, ജമാഅത്തംഗങ്ങൾ അവരവരുടെ സന്താനങ്ങളെയും ജമാഅത്തിലെ മറ്റ് യുവാക്കളേയും സമുദ്ധരിക്കുക എന്നാണ്. സ്വന്തം സമുദ്ധാരണവും നടത്തുക. കളവ്, മോഷണം, ചതി, വഞ്ചന, പരദൂഷണം, തുടങ്ങിയവ ഉപേക്ഷിക്കുക. ഇവർ വളരെ നല്ലവരാണതെന്ന് മറ്റുള്ളവർ പറയണം. ഈ അനുഗ്രഹം വീണ്ടും വരുന്നതിനായി 1300 വർഷങ്ങളെടുത്തു എന്നത് നല്ലവണ്ണം ഓർത്തുകൊള്ളുക.

ഹ: മസീഹ് മൗഊദ് عليه السلام മുഖേനയാണ് നമുക്കത് ലഭിച്ചത്. അഥവാ നാം അതിനെ വിലമതിക്കുന്നില്ലായെങ്കിൽ വീണ്ടും 1300 വർഷങ്ങൾക്കപ്പുറത്തേക്ക് വഴുതിപ്പോകുകയാണെങ്കിൽ എല്ലാ തലമുറകളുടെയും ശാപം നമ്മിൽ പതിച്ചുകൊണ്ടിരിക്കുന്നതാണ്. അതിനാൽ എല്ലാ നന്മകളും സ്വന്തം സന്താനങ്ങൾക്ക് നൽകാൻ ശ്രമിക്കുക. അവർ അത് മുന്നോട്ട് നൽകുകയും അവർ അതിനെ വീണ്ടും മുന്നോട്ട് എത്തിക്കുകയും ചെയ്യട്ടെ. അങ്ങിനെ ഈ നന്മ ആയിരക്കണക്കിന് വർഷങ്ങളോളം നിലനിൽക്കുകയും അതിന്റെ പ്രതിഫലം നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യട്ടെ. കാരണം നബി തിരുമേനി ﷺ പറഞ്ഞു: “ഏതെങ്കിലും വ്യക്തിയിലൂടെ ഒരു നന്മ സ്ഥാപിക്കപ്പെടുകയാണെങ്കിൽ അത് ലോകത്ത് നിലനിൽക്കുന്നത് വരെ, എത്രയാളുകൾ അത് സ്വായത്തമാക്കികൊണ്ടിരിക്കുന്നുവോ അതിന്റെയെല്ലാം പ്രതിഫലം അയാളുടെ പേരിൽ എഴുതപ്പെടുന്നതാണ്. അതിനാൽ ലഭിക്കുന്ന പ്രതിഫലവും വലുതായിരിക്കും. വിശ്വാസവും അതിന്റെ സ്ഥാനത്ത് വളരെ വലുതാണ്. അതിലേക്ക് നാം ശ്രദ്ധിക്കേണ്ടതാണ്. *അല്ലാഹു നമുക്ക് വിശ്വാസത്തിന്റെ കടമകൾ നിറവേറ്റുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നമ്മുടെ പൂർവ്വികർ പൂർത്തിയാക്കിയ സൂക്ഷിപ്പുമുതലിന്റെ കടമ നിറവേറ്റുന്നവരായി നാം മാറട്ടെ. ഈ സൂക്ഷിപ്പുമുതലിന്റെ കടമകൾ നിറവേറ്റുന്നതാണെന്ന് പ്രതിജ്ഞ ചെയ്ത് ഏറ്റെടുത്തവർക്കും അല്ലാഹു തൗഫീഖ് നൽകട്ടെ. തലമുറതലമുറയായി ഈ കടമകൾ നിറവേറ്റിക്കൊണ്ടിരിക്കട്ടെ.*

# PRINTED BOOKS

**To**


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**



KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 November 29 at : Baitul Futuh Mosque, London.
T.M.Abdul Mujeeb, Thammanam - 09946794987

Typing: A.T. Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**